*Celebrating Extraordinary Missionary Month October 2019…*

**Monday, 28 October 2019**
ഏലിയാ സ്ലീവാ മൂശാകാലം ഏട്ടാം തിങ്കൾ
Jn 15:18-25 (ലോകം നിങ്ങളെ ദ്വേഷിക്കും)
Fr. Winson Moyalan CMI

യേശുവിനോടുള്ള വിദ്വേഷം അവനെ അനുഗമിക്കുന്നവരോടും ലോകം കാണിക്കും. യേശു സ്വർഗ്ഗത്തിൽ നിന്നുള്ളവനായതിനാൽ സ്വർഗ്ഗീയ മൂല്ല്യങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങളാണ് അവൻ ലോകത്തിന് പകർന്നു നല്കിയത്. അവന്റെ പ്രവർത്തികളും സ്വർഗ്ഗത്തെ സാക്ഷ്യപ്പെടുത്തുന്നവയായിരുന്നു.

ലോകത്തിന്റെ മൂല്ല്യങ്ങൾ തികച്ചും വിഭിന്നങ്ങളായതിനാൽ യേശുവിനേയോ, ആ മുല്ല്യങ്ങൾ ജീവിതത്തിൽ ഉയർത്തി പിടിക്കുന്നവരേയോ ഉൾകൊള്ളാൻ അവർക്ക് സാദ്ധ്യമല്ലായിരുന്നു.

ദൈവീക മൂല്ല്യങ്ങളിൽ ജീവിക്കാൻ ഒരുവനെ യോഗ്യനാക്കുന്നത് യേശു പകർന്നു നല്കിയ അവന്റെ വചനത്തിന്റെ ശക്തിയാണ്. "അങ്ങ് എനിക്ക് നല്കിയ വചനം ഞാൻ അവർക്ക് നല്കി" (Jn 17:8). അവന്റെ വചനം സ്വീകരിക്കുകയും, അവർ വചനാധിഷ്ഠിതമായി ജീവിക്കുകയും ചെയ്യുമ്പോൾ അത് ലോകത്തിന് ഭീഷണിയാകുകയും ലോകത്തിന്റെ എതിർപ്പിന് കാരണമാവുകയും ചെയ്യുന്നു.

അതുപ്പോലെ തന്നെ അവന്റെ പ്രവർത്തിയും അവൻ ദൈവത്തിൽ നിന്ന് ആവിർഭവിച്ചവനാണെന്ന് വെളിപ്പെടുത്തുന്നു. അത് തിരിച്ചറിഞ്ഞിട്ടും മുഖം തിരിച്ചു നില്ക്കുന്നവർ ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടി വരും.
"മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവർത്തികൾ ഞാനവർക്കിടയിൽ ചെയ്തില്ലായിരുന്നുവെങ്കിൽ അവർക്ക് പാപം ഉണ്ടാകുമായിരുന്നില്ല" (24). കാരണം യേശു പ്രവർത്തിച്ച ഓരോ അത്ഭുതവും പിതാവിനെ വെളിപ്പെടുത്തുന്ന അടയാളങ്ങളായിരുന്നു. അതു കൊണ്ടാണ് യേശുവിനെ തിരസ്ക്കരിക്കുന്നവർ പിതാവിനേയും തിരസ്ക്കരിക്കുന്നു എന്ന് യേശു പറഞ്ഞത്.

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന അടയാളങ്ങൾ എക്കാലത്തും വർഷിച്ചു കൊണ്ടിരിക്കുകയാണ്.അത് തിരിച്ചറിഞ്ഞ് പ്രത്യുത്തരിക്കാൻ ലോകത്തിന് കഴിയുന്നില്ല എന്ന് മാത്രമല്ല, ദൈവാന്വേഷികളെ അവർ പീഡിപ്പിക്കുകയും ചെയ്യുന്നു.
"ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനു മുമ്പേ അവർ എന്നെ ദ്വേഷിച്ചു എന്നറിഞ്ഞുകൊള്ളുവിൻ" ( 18).

സുവിശേഷ പ്രഘോഷണം എന്നും വെല്ലുവിളികൾ നിറഞ്ഞതാണ് എന്ന് ചുരുക്കം.

*Published by*
CMI General Department of Evangelization and Pastoral Ministry